103 (1647) വാളൂർ-നടവരമ്പ് റോഡ്

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ അന്നമനട പഞ്ചായത്തിൽപ്പെടുന്ന വാളൂർ-നടവരമ്പ് റോഡ് മെറ്റലിംഗ് നടത്തി വർഷങ്ങൾ കഴിഞ്ഞിട്ടും ടാറിംഗ് നടത്താത്തതുമൂലം സഞ്ചാരയോഗ്യമല്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടാറിംഗ് പണികൾ നടത്തുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡ് പണി പൂർത്തിയാക്കി എന്ന് സഞ്ചാരയോഗ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) മാള നിയോജകമണ്ഡലത്തിലെ അന്നമനട പഞ്ചായത്തിൽ വാളൂർ-നടവരമ്പ് എന്ന പേരിൽ ഒരു റോഡുള്ളതായി അറിവില്ല. എന്നാൽ വാളൂർ കൊരട്ടി എന്ന ഒരു പി.ഡബ്ല്യു.ഡി. റോഡ് മാള, ചാലക്കുടി എന്നീ നിയോജകമണ്ഡലങ്ങളിൽക്കൂടി കടന്നുപോകുന്നു. പ്രസ്തുത റോഡ് വില്ലേജ് റോഡ് വിഭാഗത്തിൽപ്പെട്ടതാണ്. മേൽപ്പറഞ്ഞ റോഡിന്റെ പണി ചെയ്ത വകയിൽ 13 ലക്ഷം രൂപ കൊടുക്കാൻ വില്ലേജ് റോഡ് കണക്കിനുള്ളിൽ പണമില്ലാത്തതുകാരണം കരാറുകാരൻ കുറച്ചുനാളത്തേക്ക് പണി നിറുത്തിവയ്ക്കുകയും തുടർന്ന് കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത 13 ലക്ഷം രൂപയുടെ ബിൽ പാസ്സാക്കി 1999 ജൂൺ മാസത്തിൽ കരാറുകാരന് കൊടുത്തപ്പോൾ പണി വീണ്ടും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) വില്ലേജ് റോഡിന് ആവശ്യമായ ഫണ്ട് വകകൊള്ളിച്ചശേഷം 2000-ാമാണ്ടിൽ ഈ പണി പൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

104 (1648) കൊയിലാണ്ടി തീരദേശ റോഡ്

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി തീരദേശ റോഡിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള പ്രൊപ്പോസൽ എന്താണെന്ന് വിശദമാക്കുമോ;

(ബി) തീരദേശ റോഡിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(സി) തീരദേശ റോഡ് പണിയാനുള്ള നടപടിയാരംഭിക്കുമോ?

ഉത്തരം

(എ) കൊയിലാണ്ടി തീരദേശ റോഡ് വികസനമുൾക്കൊള്ളുന്ന വെങ്ങാലി മുതൽ അഴിക്കൂർ വരെയുള്ള റോഡ് നിർമ്മിക്കുന്നതിന് 4250 ലക്ഷം രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതി നിർദ്ദേശം ചീഫ് എഞ്ചിനീയർക്ക് (റോഡുകളും പാലങ്ങളും) ലഭിച്ചിട്ടുണ്ട്. ഇതിൽ വെങ്ങാലി മുതൽ വടകര വരെ കൊയിലാണ്ടി ഭാഗമാണ്.

LIBRARY ARCHIVES Kerala Legislative Assembly